# ഗാലക്സി

22e23VEP

little KITEs

**Little kites MTHSS Valakom**

# MTHSS VALAKOM

## LITTLE KITES UNIT NO. LK/2018/39040

# GALAXY 2K19-20

## E-MAGAZINE

# മുഖമൊഴി

*വിവര സാങ്കേതിക വിനിമയ രംഗത്ത് വിപ്ലവകരമായ നേട്ടങ്ങൾ നാം കൈവരിച്ചിരിക്കുന്നു. ലോകം ഇന്ന് നമ്മുടെ വിരൽത്തുമ്പിലാണ്. വിവര സാങ്കേതിക രംഗത്ത് വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണ്ണ്യങ്ങൾ പരിചയപ്പെടുന്നതിനു ഇന്ന് എല്ലാ വിദ്യാർത്ഥികൾക്കും അവസരം ലഭ്യമാണ്. ലൈറ്റ്ലെ കൈറ്റ്സ് പദ്ധതിയിൽ അംഗങ്ങളായ കുട്ടികൾക്ക് വൈവിധ്യങ്ങളായ പരിശീലന പ്രവർത്തനങ്ങളിലൂടെ ഇതിനകം കടന്നു പോയിട്ടുള്ള ഇലക്ട്രോണിക്സ്, ഹാർഡ് വെ*

*യർ, മലയാളം കമ്പ്യൂട്ടിങ്, റോബോട്ടിക് തുടങ്ങിയ നിരവധി മേഖലകളിൽ ഇതിനകം പരിശീലനം വിദ്യാർത്ഥികൾക്ക് ലഭിച്ചുകഴിഞ്ഞു. ഇ-മാഗസിൻ എടുത്തു പറയേണ്ട ഒരു നേട്ടം തന്നെയാണ് . വായനയുടെ ഒരു ലോകം വിദ്യാർത്ഥികൾക്ക് ഈ സംരംഭത്തിലൂടെ അനുഭവ വേദ്യമാവുകയാണ്*

*. വിവരസാങ്കേതികരംഗത്തു ഇതിനകം നമ്മുടെ ബഹുദൂരം മുന്നേറേണ്ടതാണ്.*

*എഡിറ്റോറിയൽ ബോർഡ്*



# EDITORIAL BOARD

**Chief Editor** : **Smt. P. Kunjamma (Headmistress)**

**Staff editor** : **Sri. Sabu John**
**Smt. Minimol C.K**

**Student Editor** : **Master. Adarsh Roy**

**Editorial Board** : **Smt. Shirley John (SITC)**
**Smt. Lizy Joseph (J.SITC)**

**: Master.** **Nithansh Uday**
**Albin G**
**Bineesh**
**Abin G Sabu**
**Albin Philip**
**Kumari:** **Lena Marium Yesudhas**
**Vaishnavy**



# സന്ദേശം

ശാസ്ത്ര സാങ്കേതിക രംഗത്ത് നാം അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്നു. വിജ്ഞാനത്തിന്റെ വിശാലമായ ലോകമാണ് ഇന്ന് നമ്മുടെ മുന്നിലുള്ളത്. വിവര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ ഇന്ന് വിദ്യാഭ്യാസ രംഗത്ത് വലിയ വിപ്ലവം തന്നെ സൃഷ്ടിച്ചിരിക്കുന്നു. വായനയുടെയും എഴുത്തിന്റെയും പുതിയ ലോകമാണ് വിവര സാങ്കേതിക വിദ്യയിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. വിദ്യാർത്ഥികളുടെ സർഗാത്മക സൃഷ്ടികളുടെ സമാഹാരമായ **'ഗാലക്സി'** എന്ന ഡിജിറ്റൽ മാഗസിനു ആശംസകൾ നേരുന്നു.

സ്നേഹത്തോടെ,

പി.കുഞ്ഞമ്മ

ഹെഡ്മിസ്ട്രസ്,

എം ടി എച്ച് എസ് എസ്

വാളകം

20-12-2019

കൊല്ലം ജില്ല

# INDEX



| Sl.no | | Page.no |
|---|---|---|
| 1 | മഹത് വചനം | 8 |
| 2 | ഹോളി | 10 |
| 3 | പ്രചോദനം | 12 |
| 4 | ഗാന്ധിസാഹിത്യസംഗ്രഹം | 14 |
| 5 | ആര്യഭടൻ | 16 |
| 6 | മാലിയിൽപ്പീലി പ്രസവിക്കുമോ | 18 |
| 7 | സ്വയം കൊല്ലരുത് | 21 |
| 8 | എന്റെ കുടുംബം | 22 |
| 9 | ഒട്ടകം | 23 |
| 10 | മൂന്ന് മത്സ്യങ്ങൾ | 26 |
| 11 | ക്വിസ് | 28 |
| 12 | കാട്ടുകള്ളൻ വീരപ്പൻ | 30 |
| 13 | All is grist that comes to the mill | 31 |

| | | |
|---|---|---|
| 14 | Actions speaks louder than words | 32 |
| 15 | ചൊട്ടയിലെ ശീലം | 33 |
| 16 | മൈക്കൽ ഫാരഡെ | 34 |
| 17 | വെളിച്ചത്തിലേക്ക് | 34 |

# മഹത് വചനം

"നിൻെറ എപ്പോഴുമുള്ള അതിഥി ഈശ്വരനായിരിക്കട്ടെ"

-ഉപനിഷത്ത്

"ഞാൻ പെർഫെക്ട് ആണ്. എനിക്ക് അത് ചെയ്യാൻ ദൈവം എപ്പോഴും എന്നോട് കൂടെയുണ്ട്. ഞാനായിരിക്കും എപ്പോഴും വിജയി.ഇന്നാണ് എൻെറ ദിവസം"

-ഡോ.എ.പി.ജെ അബ്ദുൽ കലാം

"ശ്രമത്തിലാണ് ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാകുന്നത്.
സമ്പൂർണശ്രമം സമ്പൂർണവിജയമാകുന്നു."

-ഗാന്ധിജി

"ഉദ്ദേശവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവും അപൂർണ്ണവുമാണ്."

- ജോൺ.എഫ്.കെന്നഡി

"അറിവിനേക്കാൾ പ്രധാനമാണ് ഭാവന,കാരണം അറിവ് പരിമിതമാണ്. പക്ഷേ ഭാവനയ്ക്ക് അതിരുകളില്ല"

- ആൽബർട്ട് ഐൻസ്റ്റീൻ

"ഉണരുക എഴുന്നേൽക്കുക ലക്ഷ്യം നേടുന്നതുവരെ

പ്രയത്നിക്കുക."

-സ്വാമി വിവേകാനന്ദൻ

"ഒരു കുട്ടി, ഒരുഅധ്യാപിക, ഒരു പുസ്തകം, ഒരു പേന

ഇവയ്ക്ക് ഈ ലോകം മാറ്റിമറിക്കാൻ സാധിക്കും."

- മലാല യൂസഫ് സായി

"ഭൂമിയിലുള്ളവരോട് നിങ്ങൾ ദയ ഉള്ളവരാണെങ്കിൽ

മാനത്തുള്ളവന് നിങ്ങളോട് ദയയുണ്ടായിരിക്കും".

-മുഹമ്മദ് നബി



# ഹോളി

*1940 –ൽ ആനന്ദഭവനിലെ അംഗങ്ങളെല്ലാവരും ഒത്തുച്ചേർന്ന് ആർഭാടമായി ഹോളി ആഘോഷിക്കണമെന്ന് നിശ്ചയിച്ചു . നെഹ്റുജിയും ആഘോഷ പരിപാടികളിൽ സജീവമായി പങ്കെടുത്തു .*

*ആനന്ദഭവൻെറ വിശാലമായ വളപ്പിലൂടെ പലനിറത്തിലുമുള്ള വൈള്ളംആനന്ദഭവ ചാലുകളിട്ടൊഴുകി . സമുന്നത നേതാക്കൻമാരും പ്രമാണികളും സുന്ദരികളും സുന്ദരന്മാരും വിവിധ വർ*

ണങ്ങ
ളിൽ കുളിച്ച് പുലിക്കളിയ്ക്ക്
വേഷമണിഞ്ഞവരെപ്പോലെ
യായി . അവരുടെയെല്ലാം തലയിലും മുഖത്തും
ഉടലിലു
മെല്ലാം  പലനിറത്തിലുമുള്ള ചായങ്ങൾ സൃഷ്ടിച്ച
പാടുകളും വരകളും കൊണ്ട് നിറഞ്ഞിരുന്നു .

ചാച്ചാജി ആചാര്യ
കൃപാലാനിയായിരുന്നു.
പെട്ടന്ന്  ചാച്ചാജി  ഒരു കുസൃതി കാണിച്ചു
.ചാച്ചാജി
കൃപാലാനിയുടെ ചുമലിലേക്ക്  ചാടി ഒരു കേറ്റം .
കൃപാലാനി ചിരിച്ചുകൊണ്ടു പറഞ്ഞു.

ജവഹർ നിങ്ങളുടെ തമാശ കുറേ
ഏറിപ്പോകുന്നു നിങ്ങൾ ഒരു കൊച്ചുകുട്ടിയല്ലാ.
ദയവു ചെയ്ത് താഴെ ഇറങ്ങു......
അക്കൊല്ലത്തെ ഹോളി ആഘോഷത്തിൽ
ചാച്ചാജിയുടെ തമാശകളും പൊട്ടിച്ചിരികളും നി
റഞ്ഞു നിന്നു.

ചാച്ചാജി കഥകൾ
സമ്പാദനം: ലെന

# പ്രചോദനം

ജവഹർലാലിൻറെ മാതാവായ സ്വരൂപറാണി കുലീനയായ ഒരു വനിതയായിരുന്നു. നല്ല സ്വഭാവം വിനീതമായ പെരുമാറ്റം. വലിയ ദൈവവിശ്വാസമാണ്. മതാചാരങ്ങളും ചടങ്ങുകളും എല്ലാം ക്രമമായി അനുഷ്ഠിക്കും .ഗംഗസ്നാ

അമ്മ ഗംഗസ്നാനത്തിന് പോകു

മ്പോൾ മകനേയും കൊണ്ടുപോകും. അലഹബാദിലെ പ്രസി ദ്ധനായ ത്രിവേണി സംഗമത്തിലാണ് സ്നാനം . ഗംഗാജല-ത്തിൽ മുങ്ങിക്കിടന്നു കൊണ്ട് ജവഹർ അമ്മയോടു ചോദിക്കും.

എത്ര നല്ല വെള്ളം പളുങ്ക്പോലുള്ള ഈ വെള്ളം കാണാൻ തന്നെ നല്ല ഭംഗിയില്ലേ അമ്മേ........?

അതു കേൾക്കുമ്പോൾ സ്വരൂപറാണി ഭക്തിപൂർവം ഗംഗമാതാവിന് സ്മരിച്ച് കൈകൂപ്പിത്തൊഴുത് പുത്രനോട് ണ പറയും.

ഈ ഗംഗാനദി ഭാരതീയർക്ക് വേണ്ടി സ്വർ ഗത്തുനിന്നും വന്നതാണ്. പുണ്യനദിയായ ഗംഗയിൽ സ്നാനം ചെയ്താൽ സർവ്വ പാപങ്ങളും നശിക്കുമെന്ന് വിശ്വ സിക്കപ്പെടുന്നു.

എന്റെ മകനും ഭഗീരത

രാജാവിനേ

പ്പോലെ ഒരു പ്രയത്നശാലിയായി മാറണം.

അമ്മയുടെ അവസരോചിതമായ ഈ ഉപദേശങ്ങളായിരിക്കാം പിൻകാലത്ത്ജവഹറിനെ രാജ്യസ്നേഹിയും സേവനതൽപ്പനനുമായ പ്രധാനമന്ത്രിയുടെ പദവി വരെ കൊണ്ടുചെന്നെത്തിച്ചത്........

# ഗാന്ധിസാഹിത്യസംഗ്രഹം

ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം . നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി .



നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനായ , നിസ്സഹായനായ മനുഷ്യൻറെ മുഖം സങ്കൽപ്പിച്ചുനോക്കുക . എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക . അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ? അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണമുണ്ടാക്കിക്കൊടുക്കുമോ ? മറ്റൊരു രീതിയിൽ പറഞ്ഞാൽ , നമ്മുടെ നാട്ടിൽ ആധ്യാത്മികമായും

ശാരീരികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിന്

ആളുകൾക്ക് അത് സഹായകമാകുമോ ?

അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും

അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക്

അനുഭവപ്പെട്ടും..



- ഗാന്ധിജി

# ആര്യഭടൻ

ഭാരതത്തിലെ ഏറ്റവും പ്രശസ്തനായ ഗണിതശാസ്ത്രജ്ഞൻഎന്ന ഖ്യാതി ആര്യഭടവാണുള്ളത് .

ആര്യഭടൻ ക്രിസ്തു വർഷം 476 –ലാണ് ജനിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു . ബീഹാറിലെ പാറ്റ്ന നഗരത്തിൽ പുരാതനകാലത്ത് ഒരു വിശ്വവിദ്യാലയം ഉണ്ടായിരുന്നു . ഈ വിശ്വവിദ്യാലയത്തിൽ ആര്യഭടൻ വിദ്യാർത്ഥിയായി ചേരുകയും പിന്നീട് കുലപതിയായി ഉയരുകയും ചെയ്തു . ആര്യഭടൻെറ പ്രഖ്യാതമായ കൃതി "ആര്യഭടീയം" ക്രിസ്തു വർഷം 522 ലാണ് രചിച്ചത് . ഗീതികാവൃത്തത്തിൽ രചിക്കപ്പെട്ട ഇതിൽ ആകെ 121 ശ്ലോകങ്ങളാണുള്ളത് .

ആര്യഭടീയത്തിൽ "പൈ"യുടെ വില 3.1426 എന്ന് സ്വീകരിച്ചതായി കാണാം .

ത്രികോണമിതിയിലെ സൈൻ പട്ടിക രണ്ട് രീതികളിൽ അദ്ദേഹം തയ്യാറാക്കിയിരുന്നു . ദ്വിമാന സമവാക്യം നിർദ്ധാരണം ചെയ്യുന്നതിനുള്ള ഒരു രീതിയും ആവിഷ്കരിച്ചിരുന്നു .

പ്രപഞ്ചത്തിൻെറ കേന്ദ്രം , ഭൂമിയെന്നാണായിരുന്നു പൗരാണികരുടെ വിശ്വാസം. ചന്ദ്രനും സൂര്യനും ഗ്രഹങ്ങളും ഭൂമിയെ ചുറ്റി തിരിയുന്നു എന്നു കണക്കാക്കിയിരുന്നു.

ആര്യഭടൻ ഇത് തെറ്റാണെന്ന് മനസ്സിലാക്കി ഭൂമി സ്വയം ഒരു അച്ചുതണ്ടിൽ തിരിയുന്നു എന്ന് അദ്ദേഹംസമർത്ഥിക്കുകയുണ്ടായി. ഭൂമി ഒരു ഗോളമായിരുന്നതിനാൽ സൂര്യോദയം എല്ലാ ദിക്കിലും ഒരേ സമയത്തില്ല എന്ന് 1500 വർഷങ്ങൾക്ക് മുമ്പുതന്നെ അദ്ദേഹം മനസ്സിലാക്കിയിരുന്നു.

സംഖ്യകളുടെ വർഗ്ഗമൂലം, ഘനമൂലം എന്നിവ കാണാനുള്ള വഴികൾ  അദ്ദേഹത്തിൻറെ കൃതിയിൽ കാണാം.

ആര്യഭടസിദ്ധാന്തം എന്നൊരു ഗ്രന്ഥം കൂടി അദ്ദേഹം രചിച്ചതായി അനുമാനിക്കപ്പെടുന്നുണ്ട് .

# <u>മയിൽപ്പീലി</u>
# <u>പ്രസവിക്കുമോ?</u>



ഒരു ബുധനാഴ്ച അവസാനത്തെ പീരീഡിൽ
പതിവില്ലാതെ സ്കൂളിൽ ഒരസംബ്ലി കൂടി.
ഈശ്വരപ്രാർത്ഥനയ്ക്കുശേഷം ഗോവിന്ദൻ
മാസ്റ്റർ കുട്ടികളോടായിപ്പറഞ്ഞു .

*“പ്രിയമു ള്ള കുട്ടികളേ നമ്മുടെ സ്കൂളിനെ സംബന്ധിച്ചിട ത്തോളം വളരെ പ്രധാനപ്പെട്ട ദിവസമാണ് നാളത്തേത്.*

*അതായത് നാളെ നമ്മുടെ സ്കൂളിൽ ഇൻസ്പെക്ടർ പരിശോധനയ്ക്കു വരുന്ന . എല്ലാവരും കുളിച്ച് ചേറില്ലാത്ത വസ്ത്രങ്ങൾ ധരിച്ച് കുറച്ച് നേരത്തെ എത്തണം . കുടുക്കില്ലാത്ത കുപ്പായത്തിനും ട്രൗസറിനും കുടുക്ക് തുന്നിപ്പിടിപ്പിക്കണം .*

അതുപോലെ പെൺകുട്ടികൾ മുടി

നന്നായിചീകികെട്ടി നല്ല മൊഞ്ചത്തികളായി

വരണം " .

ഇതൊക്കെ നിങ്ങൾ ഉടനെ തന്നെ ചെയ്യോ ?

ഓ കുട്ടികൾ ഒന്നടങ്കം സമ്മതം മൂളി . അപ്പുവും

സംഘവും ദേശിയഗാനം പാടി .

തൊടിയിലെ നമ്പ്യാർ വട്ടച്ചെടിയിലിരുന്ന

പൂത്തുമ്പിയേപ്പിടിച്ച് കല്ലെടുപ്പിക്കുകയായിരുന്നു ,

മജീദ് . പാവ്വാ ...,ടാ .. മജീദേ ... വിട്ടാളാ ....

ഓ ... കിറുങ്ങണത്തീ .. സൈനബേ ...

പൂത്തുമ്പിയിനെ അണയ്ക്ക് വേണോ ?

ഊയ് എനക്ക് തരൂലല്ലോ . തരൂല എന്തേയ് ?

സൈനബയോടൊപ്പം

വീട്ടിലേക്ക് നടന്നു . സന്ധ്യനാമം കഴിഞ്ഞ് അപ്പു

പൂജാമുറിയിൽ വച്ച് ഒരു മയിൽപ്പീലി

പുസ്തകത്തിൽവച്ചു . മാനം കാണാതെ വച്ചാൽ

അവിടെയിരുന്ന് അവനോട് പറഞ്ഞിട്ടുണ്ട്.
കഴിഞ്ഞ എത്രയോ വർഷങ്ങളായി നിർത്താതെ
പ്രസവിച്ച്കൊണ്ടിരിക്കുകയാണത്രേ മയിൽ
പ്പീലികൾ ! അവൾ കൂട്ടുക്കാർക്ക് മയിൽപ്പീലി
കൊടുത്തിട്ട് പറയും . അപ്പു ഇംഗ്ലീഷും സയൻസും
മാറിമാറി വായിച്ചു .
അച്ഛൻറെ കത്തുകൾ വന്നാൽ അമ്മ അതൊരു
നൂറുതവണയെങ്കിലും വായിക്കാറുണ്ട്.
വെള്ളക്കടലാസിൽ കട്ടുറുമ്പു
നിരന്നിരിക്കുന്നതുപോലെ അടുക്കും ചിട്ടയോടും
കൂടിയുള്ള അക്ഷരങ്ങളോട് അമ്മ സ്നേഹപൂർവം
സംസാരിക്കുകയാണോ ?

കട്ടിലിനടിയിൽ
പൂച്ചക്കുഞ്ഞു കരഞ്ഞു അപ്പു വായിച്ചുകെണ്ടുതന്നെ
അതിനെ തടവി , അവൾ ഉറങ്ങി ......

# സ്വയം കൊല്ലരുത്

## ജീവൻ ദൈവാംശമാണ്

അൽപ്പം മദ്യം കഴിക്കുന്നതു കൊണ്ട് അതിനുള്ള ഉത്തരം സിഗററ്റ് പാക്കറ്റുകളുടെയും, മദ്യക്കുപ്പികളുടെയും,പാൻ പരരാക്ക് പാക്കറ്റുകളുടെയും ഒക്കെ കൃത്യമായി പ്രിൻറ്റ് ചെയ്തിട്ടുണ്ടെങ്കിൽ കൂടി (സിഗററ്റ്,

***മദ്യം,ആരോഗ്യത്തിന് ഹാനികരം) സുഖത്തിന് പിന്നാലെ പോകുന്നവർ തങ്ങളുടെ മരണം സ്വയം ഏറ്റുവാങ്ങുകയാണെന്ന് അറിയുക***

# എന്റെ കുടുംബം

ആനന്ദം പരമാനന്ദമാണെൻറെ കുടുംബം
ആനന്ദം പരമാനന്ദമാണെൻറെ കുടുംബം
കേക്കണേ കേക്കണേ യെൻറെ ലോകരുകൂട്ടം (2)

ഈരേഴുപതിനാലുലോകവുമെൻറെ കുടുംബം
എൻറെ കുടുംബത്ത് ഞാനൊന്ന് തുള്ളിത്തെളിയും
കേക്കണേ(2)

ഒന്നാം ചൊവടിയിൽ ചേവര് മുച്ചമടിച്ചേ
കേക്കണേ(2)

ഒന്നാം ചൊവടെന്നുള്ളത് കൃതയുഗവും

രണ്ടാം ചൊവടെന്നുള്ളത് ത്രേതായുഗവും

മൂന്നാം ചൊവടെന്നുള്ളത് ദ്വാപരയാണേ
കേക്കണേ(2)

# ഒട്ടകം



ഗ്രാമത്തിനടുത്തുള്ള ഒരു കാട്ടിൽ ശക്തിശാലിയായ ഒരു ഒട്ടകം വസിച്ചിരുന്നു. തീറ്റപ്രിയനായനായിരുന്നു ഒട്ടകം . മാത്രമല്ല , അലസ്സനും സൂത്രശാലിയുമായിരുന്നു അവൻ.

തീറ്റ തിരക്കി വനത്തിലൂടെ സഞ്ചരിക്കുമ്പോഴെല്ലാം അനേകം മഹർഷിമാർ തപസ്സനുഷ്ടിക്കുന്നത് ഒട്ടകം കാണാറുണ്ടായിരുന്നു . ഒരിക്കൽ യാഗം നടത്തുന്ന ഒരു മഹർഷിയോടു തന്നെ ഒട്ടകം ചോദിച്ചു .

" മഹർഷിശ്രേഷ്ഠാ , എന്തിനാണ് ഇങ്ങനെ കണ്ണടച്ചിരിക്കുന്നത് ... ?"

" ഞാൻ തപസു ചെയ്യുകയാണ് .."

"എന്തിനാണ് തപസ് ചെയ്യുന്നത് ?"

"ഈശ്വരനെ പ്രത്യക്ഷനാക്കുവാൻ.."

"എന്തിനാണ് ഈശ്വരനെ പ്രത്യക്ഷനാക്കുന്നത് ?"

" വരം വാങ്ങുവാൻ.... "

" എനിക്കും വരം വാങ്ങാൻ കഴിയുമോ .. ? "

"തീർച്ചയായും . തപസു ചെയ്താൽ മതി".

ഒട്ടകം ഒരു വലിയ കാട്ടിലെത്തി തപസു ചെയ്യുവാൻ തുടങ്ങി . ഏറെനാൾ കഴിഞ്ഞപ്പോൾ ബ്രഹ്മാവു പ്രത്യക്ഷനായി . വരം ചോദിക്കുവാൻ പറഞ്ഞു .

" എന്തു തിന്നണമെന്ന് എനിക്കു തോന്നുന്നുവോ അത് ഷനേടാനിൽക്കുന്ന ദിക്കിൽ എൻറെ കഴുത്തു നീണ്ടു ചെല്ലുവാനാണ് അനുഗ്രഹിക്കേണ്ടത് ... ഒട്ടകം പറഞ്ഞു

" നിൻറെ അഭിലാഷം സഫലമാകട്ടേ "

ബ്രഹ്മാവു വരം നൽകി .

ഇനി തീറ്റ അന്വേഷിക്കേണ്ട കാര്യമില്ല. ഒട്ടകം അലസ്സനായി കിടന്നു

പെട്ടന്നാണ് ഒരു കൊടുങ്കാറ്റു ണ്ടായത് .

വീശിയടിച്ച കൊടുങ്കാറ്റിൽ നിന്നു രക്ഷനേടാനായി ശിരസ്സ്

ഒരു ഗുഹയിലേക്കു കയറ്റിവച്ചു നിന്നു . പെട്ടന്ന്

കോരിച്ചൊരിഞ്ഞ മഴയും വന്നു .

ഈസമയത്ത് വിശന്നു തളർന്ന ഒരു കുറുക്കനും

അവൻറെ പത്നിയും അതുവഴി വന്നു . മഴയെ ഭയന്ന് അവർ

ഗുഹയിൽ കയറിനിന്നു .

എങ്കിലും സൂത്രശാലിയായ കുറുക്കൻ

എന്തും വരട്ടെ എന്ന് കരുതി ഒട്ടകത്തിൻറെ കഴുത്തിൽ

ആഞ്ഞൊരു കടിയും കൊടുത്തു .

രക്തം ചീറ്റിച്ചാടി

കുറുക്കൻറെ പുറത്തെല്ലാം രക്തംതെറിച്ചു വീണു .

ചുടുരക്തം നക്കിക്കുടിച്ചുകൊണ്ടു കുറുക്കനും

ഭാര്യയുംഒട്ടകത്തിൻറെ കഴുത്തു കടിച്ചുപറിച്ചു . മഴ തോർ

ന്നപ്പോൾ അവർ ഗുഹ വിട്ടു ..

സമ്പാദനം:നന്ദു സുരേഷ്

10 C

* * * * * * * * * * * *

# മൂന്ന് മത്സ്യങ്ങൾ

ഒരു ഗ്രാമത്തിൽ ആഴം കുറഞ്ഞ ഒരു ജലാശയം ഉണ്ടായിരുന്നു .ആ കുളത്തിൽ മൂന്ന് മത്സ്യസുഹൃത്തുക്കൾ പാർത്തിരുന്നു. ദീർഘദർശി,ദീർഘസൂത്രൻ ,ഉൽ പ്പന്നപ്രതിഭൻ എന്നാണ് പേര് . ആനന്ദിച്ചും പരസ്പരം വിശ്വസിച്ചും ജലാശയത്തിൽ വസിച്ചു.

എന്നാൽ മീൻപിടിത്തക്കാരുടെ സൂത്രം ദീർഘദർശി മനസ്സിലാക്കി .വെള്ളം വറ്റിച്ച് പിടിക്കാനാണ് അവരുടെ ഒരുക്കമെന്ന് അവന് മനസ്സിലായി . പെട്ടെന്ന് കുളത്തിലെ മത്സ്യങ്ങളെ വിളിച്ചു കൂട്ടി ദീർഘദർശി പറഞ്ഞു .

സുഹൃത്തുക്കളേ ഒരാപത്തു നമുക്ക് നേരിട്ടിരിക്കുന്നു. അവരിവിടെ തോടുകീറി വെള്ളം വറ്റിക്കുകയാണ് .അതിനാൽ ഇന്നുരാത്രി അവരുറങ്ങുമ്പോൾ
നമുക്ക് ആ തോടുവഴി രക്ഷപെടണം .ഇല്ലെങ്കിൽ മരണം നിശ്ചയമാണ് ........ ദീർഘസൂത്രൻ പറഞ്ഞു , സ്നേഹിത

ഇങ്ങനെ മണ്ടത്തരം പറയാതിരിക്കൂ . കുളത്തിലെ ജലം

വറ്റുമെന്നോ ? ഞാൻ എന്തായാലും വരുന്നില്ല .

സുഹൃത്തുകളേ നിങ്ങൾ പോകയുമരുത് . ദീർഘദർശി

വീണ്ടും പറഞ്ഞു

*ഏതൊരുകാര്യവും ആലോചിച്ചു ചെയ്യുന്നതു*

*നല്ലതാണ്. ഇന്നു രാത്രിതന്നെ നമുക്കു രക്ഷപെടണം .......*

*മത്സ്യങ്ങൾ ദീർഘദർശിയുടെ വാക്കുകൾ ശരിവച്ചു*

*. അന്നു രാത്രി തന്നെ ദീർഘദർശിയും കുറേ മത്സ്യങ്ങളും കൈത്തോട്*

*വഴി രക്ഷപ്പെട്ടു. അവർ അടുത്തൊരു ജലാശയത്തിൽ എത്തിച്ചേർന്നു .*

*പിറ്റേന്ന് പ്രഭാതമായപ്പോഴേക്കും കുളത്തിലെ*

*ജലം നന്നായി താണു. മത്സ്യങ്ങൾക്ക് ഭയമേറി.*

ദീർഘസൂത്രനോട് അവർ പറഞ്ഞു.

നമ്മൾ തങ്ങിയത്

ശരിയായില്ലയെന്നാണ് തോന്നുന്നത്.

വെള്ളം കുറഞ്ഞു . ഇനി വല വീശിക്കൊള്ളൂ

- വെള്ളം തേവുന്നയാൾ വിളിച്ചു പറഞ്ഞു. *മത്സ്യങ്ങൾ നിലവിളിച്ചു*

*ദീർഘസൂത്രനെ കുറ്റം പറഞ്ഞു .*


*പക്ഷേ എന്തു ഫലം വലയുടെ രൂപത്തിൽ*

*മരണംവരുന്നത് ദീർഘസൂത്രൻ കണ്ടു. ദീർഘസൂത്രനൊന്നും ചെയാൻ*

*ആയില്ല . അവർ മണലിൽ വീണ് ചത്തു. തക്ക സമയത്ത് പ്രവർ*

*ത്തിക്കാത്തതിൻറെ ഫലം.*

# ക്വിസ്



1.ഗാന്ധി സിനിമയ്ക്ക് ഓസ്കാർ നേടിയ വർഷം ?

1982

2.ഏതുനേതാവിൻറെ ചിത്രമാണ് ഇന്ത്യയിലെ നോട്ടുകളിൽകാണുന്നത്?

ഗാന്ധി

3. ഗാന്ധി സിനിമയുടെ സംഗീതസംവിധായകൻ ?

പണ്ഡിറ്റ് രവിശങ്കർ

4.ഗാന്ധിജിയുടെ ജീവിതവും ചിന്തയും രചിച്ചതാര്?

ജെ.ബി.കൃപാലനി

5.ലൈഫ് ഓഫ് മഹാത്മ രചിച്ചതാര്?

ലീയി ഫിഷർ

6. ഗാന്ധിജിആദയുടെ മാതാവിൻറെ പേര് ?

പുത് ലി ഭായ്

7. വല്ലഭായ് പട്ടേലിന് സർദാർ എന്ന പേര് ഗാന്ധിജി ഏത് പ്രക്ഷോഭവുമായി ബന്ധപ്പെട്ടാണ് നൽകിയത് ? - ബർദോളി സത്യാഗ്രഹം .


8. ഗാന്ധിജി ആദ്യമായി കേരളം സന്ദർശിച്ചത് എന്ന് ? -1920 ഓഗസ്റ്റ്18

9. ഗാന്ധിജി ഇർവിൻ ഉടമ്പടി ഒപ്പുവച്ച വർഷം ?

1931

10. ഗാന്ധിജി യുടെ ആത്മീയ പിൻഗാമി എന്നറിയപ്പെട്ടത് ?

വിനോബഭാവെ



# കാട്ടുകള്ളൻ വീരപ്പൻ

ഒരുടത്ത് ഒരു വീരപ്പൻ എന്ന കൃഷിക്കാരൻ ഉണ്ടായിരുന്നു. അവൻ കഷ്ടപ്പെട്ടാണ് ജീവിച്ചിരുന്നത്.അവന്റെ കഷ്ടപ്പാട് മൂലം അവൻ വീടുവിട്ടു പോയി.ഒരു ദിവസം രാജാവ് കാട്ടിലൂടെ പോയപ്പോൾ പടയാളികൾ വീരപ്പനെ കണ്ടിട്ട് കള്ളനാണെന്ന് തോന്നിയതുകൊണ്ട് അവനെ പിടിച്ചുകൊണ്ടുപ്പോയി.അവനെ പടയാളികൾ കുറെ മർദ്ദിച്ചു.അങ്ങനെ അവൻ പടയാളികളുടെ കയ്യിൽ നിന്ന് രക്ഷപ്പെട്ടു.അങ്ങനെ വീരപ്പന് രാജാവിനോട് ദേഷ്യം വന്നു.അങ്ങനെ വീരപ്പൻ രാജവിനോട് പ്രതികാരം ചെയ്യാൻ തുടങ്ങി.അങ്ങനെ വീരപ്പൻ കൊട്ടാരത്തിൽ കയറി മോഷ്ടിക്കാൻ തുടങ്ങി.അങ്ങനെ വീരപ്പനെ കുറിച്ച് രാജസദസ്സിൽ ചർച്ച ചെയ്തു.അപ്പോൾ രാജാവ് തീരുമാനിച്ചു വീരപ്പനെ പിടിച്ചുകൊടുക്കുന്നവർക്ക് ആയിരം പണം സമ്മാനമായി നൽകുമെന്ന്.അങ്ങനെ ആളുകൾ വീരപ്പനെ പിടിക്കാൻ തുടങ്ങി.അങ്ങനെ ആളുകൾ അവനെ പിടിക്കുമെന്ന് തോന്നിയതുകൊണ്ടു വീരപ്പൻ രക്ഷപ്പെട്ട് പോയി......................................................

# ***ALL IS GRIST THAT COMES TO THE MILL***

When one is engaged in a do-or-die campaign to achieve a clear or objective, whatever gain he may score in any aspect of his pursuit is considered welcome. All the advances he makes towards his goal are thought to be necessary and justifiable, though some of them may not be directly related to it. When a person is totally absorbed in the pursuit of his goal, his mindset may tend more towards greed than need. This attitude is comparable to the stand of a fisherman who think that whatever is gathered in the net during a fishing operation is his private property, whether it is fish or anything else. In daily life such an attitude is not correct. It is always better to pursue one's goal in a legitimate thoughtful rather than in a possessive way.

The second version of the proverb is almost synonymous with the first one except it is more assertive. The usage conveys a possessive mindset in a stronger way. Though a machine is chiefly meant to powder grinding grains, neither the machine nor the operator does care about what is crushed and powdered in the machine.

-Abin G Sabu  9 D

# Action Speaks Louder Than Words

Though great men are remembered for their writings, quotes and sayings, their endeavours always precede their words. It is difficult to achieve your goals by not taking any initiative to move towards it. One can talk day-long about his ability to do what on one else can, but he is recognised and remembered only when he has proven his statements with his diligence and hardwork so it is necessary for every indivitual to take the necessary action in order to achieve his ultimate goals in life.-"**A vision without execution is just an another illusion**"

-Albin Philip 9 D



# ചൊട്ടയിലെ ശീലം

ചാച്ചാനെഹ്റു പ്രധാനമന്ത്രിയാ യിരുന്ന അവസരത്തിൽ കേരളീനായ ഒരു സുഹൃ ത്തിൻെറ വിദേശത്തുള്ള വസതി സന്ദർശിച്ചു . നെഹ്റുവിനെ കണ്ട് സ്നേഹിതൻറെനാലു വയസുള്ള പുത്രൻ ഓടി വന്നു പറഞ്ഞു :

എടോ നെഹ്റു ,താനി പ്പോൾ എവിടെനിന്ന് വരുന്നു......? യാത്രയൊക്കെ? അതുകേട്ട് ഓടിയെത്തിയ കുട്ടിയുടെ പിതാവ് ക്ഷമ യാചനചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു:

ക്ഷമിക്കണം , ഞാനെൻറെ സുഹൃത്തുക്കളെയൊക്കെ എടോയെന്ന് വിളിക്കുന്ന തുക്കൊണ്ടാണ് എൻെറ മകൻ അങ്ങനെ വിളിച്ചത് . എൻെറ മകനുവേണ്ടി ഞാൻ മാപ്പു ചോദിക്കുന്നു ....

നെഹ്റുജി പൊട്ടിച്ചിരിച്ചു. ആ ചിരി അവസാനിക്കാൻ മിനിറ്റുകൾ വേണ്ടിവന്നു.......

**ജവഹർലാൽ നെഹ്റു**

# മൈക്കൽ ഫാരഡെ

ആധുനിക ജീവിതത്തിൻെറ ഭാഗ
മായ നിരവധി കാര്യങ്ങൾ കണ്ടുപിടിച്ച മൈ ക്കൾ ഫാരഡെ , ബ്രിട്ടിഷനുകാരനായ ഊർജ്ജതന്ത്രജ്ഞനും രസതന്ത്രജ്ഞനുമായിരുന്നു. 1791 സെപ്റ്റംബർ 22 ന് ഇംഗ്ലണ്ടിലെ നെവിംഗ്ടണിൽ ഫാരഡെ ജനിച്ചു . അച്ഛൻ ചെറുപ്പത്തിലെ മരിച്ചു. ദാരിദ്ര്യം മൂലം ശാസ്ത്രീയമായ വിദ്യാഭ്യാസം നേടാനായില്ല. ശാസ്ത്രഗവേഷണങ്ങൾ നട ത്താൻ അദ്ദേഹത്തിന് സാധിച്ചു.

ജലത്തിലൂടെ വൈദ്യുതി കടത്തിവിട്ട് അതിനെ അതിൻെറ ഘടകങ്ങളാക്കി . കണ്ണുകളിലെ പല വിധലെൻസുകൾ ഇല്കട്രോപ്ലേറ്റഡ് സ്പൂണുകൾ എന്നിവയെല്ലാം ഫാരെഡയുടെ കണ്ടുപിടത്തങ്ങളിൽ പെടുന്നു.

## വെളിച്ചത്തിലേക്ക്



അടുത്തടിവച്ചു തൊട്ടുവാൻ

നോക്കുമ്പോ

ളകലേക്കുപായും വെളിച്ചമേ നിന്നെ,

ശരിക്കു സാത്വികക്കറുകയേകി ഞാൻ

മെരുക്കുവാൻ നോക്കും മരിക്കുവോളം!

-(പി കുഞ്ഞിരാമൻ) അവതരണം ബിനീഷ

# <u>LITTLE KITES CAMP</u>






## *Resource Room Inauguration*



## *Prethibhaye Adharikkal*



## *School Anniversary*





# ***THE END***

*THANK YOU*